പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4952**

27.10.2016-ൽ മറുപടിക്ക്

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, പി.ടി. തോമസ്<br>,, അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരളപ്പിറവി ദിനത്തിൽ തുടക്കം കുറിക്കുന്ന,എല്ലാവർക്കും വീട് ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) യും | കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബ്രഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഏതു മാതൃകയിലാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) യും | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പി നും നിലനിൽപ്പിനും ഭാഗഭാക്കാകുവാ നും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും |
| (സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ? | (സി) യും | ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ